പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 16 — 10.12.2012 ൽ മറുപടിക്ക്

## രാഷ്ട്രീയ പകപോക്കലും പോലീസിന്റെ നിഷ്പക്ഷതയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള അധികാര ദുർവിനിയോഗവും രാഷ്ട്രീയ എതിരാളികളെ കള്ളക്കേസുകളിൽപ്പെടുത്തി അറസ്റ്റു ചെയ്തു ജയിലിൽ അടക്കുന്ന സ്ഥിതിവിശേഷവും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര നേതാക്കന്മാരെ ഗൂഢാലോചനകേസുകളിൽപ്പെടുത്തി അറസ്റ്റുചെയ്ത് ജയിലിൽ അടക്കുകയുണ്ടായെന്ന് വിശദമാക്കാമോ; പ്രസംഗങ്ങളുടെയും വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ എടുത്ത ഗൂഢാലോചന കേസുകൾ സംബന്ധിച്ച് വിശദമാക്കാമോ ; | (ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടവരെ മാത്രമേ പ്രതി പ്പട്ടികയിൽ ചേർത്തിട്ടുള്ളൂ. സി.പി.ഐ.(എം) ഇടുക്കി ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. എം. എം. മണി 25.05.2012 ൽ മണക്കാട് വച്ച് നടത്തിയ പ്രസംഗത്തിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ. എം.എം. മണി, ശ്രീ. ഒ. ജി. മദനൻ എന്നിവർക്കെതിരെ തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1196/12 U/s. 302, 109, 118 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി രണ്ട് പേരെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി റിമാൻഡ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജയിലിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് പ്രത്യേക അന്വേഷണ സംഘത്തിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | രാഷ്ട്രീയ പകപോക്കലിനുള്ള ആയുധമായി പോലീസിനെ ഉപയോഗിക്കുന്നുവെന്ന ആക്ഷേപത്തെ തുടർന്ന് ജനരോഷം വളർന്നുവരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസിലെ നിഷ്പക്ഷത നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് നിഷ്പക്ഷമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ